"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസം - തിരുവനന്തപുരം ജില്ലയിലെ, നെടുമങ്ങാട് വിദ്യാഭ്യാസ ഉപജില്ലയിൽപ്പെട്ട പനവൂർ, വേട്ടമ്പള്ളി കെ.കെ.വി യു.പി സ്കൂളിലെ പാർട്ട് ടൈം ജൂനിയർ അറബിക് ടീച്ചറായ ശ്രീമതി. സജ്ന സലീം സമർപ്പിച്ച അപ്പീൽ ഹർജി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്.സി) വകുപ്പ്**

സ.ഉ.(സാധാ) നം.4335/2025/GEDN തീയതി,തിരുവനന്തപുരം, 30-06-2025

---

പരാമർശം:-

1. തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് വിദ്യാഭ്യാസ ഉപജില്ലയിൽപ്പെട്ട പനവൂർ, വേട്ടമ്പള്ളി കെ.കെ.വി യു.പി സ്കൂളിലെ പാർട്ട് ടൈം ജൂനിയർ അറബിക് ടീച്ചറായ ശ്രീമതി. സജ്ന സലീം സർക്കാരിലേക്ക് സമർപ്പിച്ച 19.08.2024-ലെ അപ്പീൽ ഹർജി.
2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 03.04.2025-ലെ എഫ്1/18023/2024/ഡി.ജി.ഇ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് വിദ്യാഭ്യാസ ഉപജില്ലയിൽപ്പെട്ട പനവൂർ, വേട്ടമ്പള്ളി കെ.കെ.വി യു.പി സ്കൂളിലെ ശ്രീമതി. നസ്സി എസ്. 31.5.2023-ൽ സർവീസിൽ നിന്നും വിരമിച്ച ഒഴിവിലേക്കുള്ള ശ്രീമതി സജ്നാ സലിം-ന്റെ നിയമനം ടിയാൾ കെ-ടെറ്റ് പാസ്സായ തീയതി മുതൽ ഭിന്നശേഷി സംവരണ വ്യവസ്ഥകൾ പാലിക്കുന്നതിന് വിധേയമായി അംഗീകരിച്ച് ഉത്തരവാകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പരാമർശം (1) റിവിഷൻ ഹർജി സർക്കാരിലേക്ക് ലഭ്യമാക്കിയിരുന്നു.

2) സർക്കാർ പ്രസ്തുത വിഷയം ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ട്, നിലവിലുള്ള ചട്ടങ്ങൾ, ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ പരിശോധിച്ചു. വേട്ടമ്പള്ളി കെ.കെ.വി. യു.പി. എസ്-ലെ ശ്രീമതി. നസ്സി എസ്. 31.5.2023-ൽ സർവീസിൽ നിന്നും വിരമിച്ച ഒഴിവിൽ മാനേജർ ശ്രീമതി സജ്നാ സലിമിനെ 01.06.2023 മുതൽ പാർട്ട് ടൈം ജൂനിയർ അറബിക് അദ്ധ്യാപികയായി നിയമിച്ചു. എന്നാൽ നിയമന സമയത്ത് ടി അദ്ധ്യപിക കെ-ടെറ്റ് IV യോഗ്യത നേടിയിരുന്നില്ല, ഭിന്നശേഷി ഉദ്യോഗാർത്ഥികൾക്ക് നീക്കിവെച്ച ഒഴിവുകൾ ഉൾപ്പെടുത്തിയ റോസ്റ്റർ രജിസ്റ്റർ മാനേജർ നാളിതുവരെ സമന്വയയിൽ അപ്‌ലോഡ് ചെയ്തിട്ടില്ല, നിയമന ഉത്തരവിൽ നിയമിച്ച തസ്തിക, നിയമനം നടത്തിയ ഒഴിവ് എന്നിവ വ്യക്തമായി രേഖപ്പെടുത്തിയിട്ടില്ല, CS statement ൽ ഒഴിവ് നിലവിൽ വന്ന തീയതി രേഖപ്പെടുത്തിയിട്ടില്ല. ഹാജരാക്കിയിട്ടുള്ള Conduct Certificate നിശ്ചിത മാതൃകയിലുള്ളതല്ല, നിയമന ഉത്തരവ്, CS,

DETAILS OF APPOINTMENT എന്നിവയിൽ നിയമനാർഥിയുടെ ശമ്പള സ്കെയിൽ തെറ്റായി രേഖപെടുത്തിയിരിക്കുന്നു, CS സ്റ്റേറ്റ്മെന്റ്, മാനേജരുടെ RULE 41, 53, 51 A 51 B സത്യപ്രസ്താവന എന്നിവയിൽ തസ്തിക ശരിയാക്കി സമർപ്പിച്ചിട്ടില്ല എന്നീ കാരണത്താൽ നിയമനം ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ നിരസിച്ചു നൽകി.

3 ) ശ്രീമതി സജ്നാ സലിം കെ.ടെറ്റ് IV പരീക്ഷ വിജയിച്ചതിന്റെ സർട്ടിഫിക്കറ്റ് അപ്പീൽ ഹർജിയോടൊപ്പം ഹാജരാക്കിയിട്ടുള്ള സാഹചര്യത്തിൽ പനവൂർ, വേട്ടമ്പള്ളി കെ.കെ.വി യു.പി സ്കൂളിലെ ശ്രീമതി. നസ്സി എസ്. 31.5.2023-ൽ സർവീസിൽ നിന്നും വിരമിച്ച ഒഴിവിലേക്കുള്ള ശ്രീമതി സജ്ന സലിമിന്റെ പാർട്ട് ടൈം ജൂനിയർ അറബിക് നിയമനം അംഗീകരിക്കുന്നതിന് ആവശ്യമായ എല്ലാ രേഖകൾ സഹിതം പുതുക്കിയ പ്രൊപ്പോസൽ മാനേജർ സമർപ്പിക്കുന്ന മുറയ്ക്ക്, പ്രസ്തുത നിയമനം മറ്റു വിധത്തിൽ ക്രമപ്രകാരമെങ്കിൽ, ടിയാൾ കെ.ടെറ്റ് യോഗ്യത നേടിയ 28.02.2024 തീയതി മുതൽ ഭിന്നശേഷി ഉത്തരവുകൾക്ക് വിധേയമായി അംഗീകരിച്ചുനൽകുന്നതിന് നെടുമങ്ങാട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദേശം നൽകിക്കൊണ്ടും, അപ്രകാരം പരാമർശം (1) അപ്പീൽ ഹർജി തീർപ്പാക്കി കൊണ്ടും ഉത്തരവാകുന്നു

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ASWATHY K
അണ്ടർ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, നെടുമങ്ങാട്.
മാനേജർ, കെ.കെ.വി യു.പി. സ്കൂൾ, വേട്ടമ്പള്ളി, പനവൂർ പി.ഒ, നെടുമങ്ങാട്, തിരുവനന്തപുരം.
ശ്രീമതി. സജ്ന സലിം, ജൂനിയർ അറബിക് ടീച്ചർ (പാർട്ട്ടൈം), കെ.കെ.വി യു.പി. സ്കൂൾ, വേട്ടമ്പള്ളി, പനവൂർ പി.ഒ, നെടുമങ്ങാട്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

**Signed by Pradeep Kumar.**
**C. O**
**Date: 30-06-2025 21:17:06**